# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 818** — **10/02/2016-ൽ മറുപടിക്ക്**

**ജൻ ഔഷധ സെന്ററുകൾ**

ചോദ്യം — മറുപടി

**ശ്രീ.എം.ഉമ്മർ**

**ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഏതെങ്കിലും ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;; | എ) & ബി) | സർക്കാർ തലത്തിൽ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിച്ചിട്ടില്ല. 'ജൻ ഔഷധ സെന്ററുകൾ' തുടങ്ങുവാനുള്ള ഓപ്പറേറ്റിംഗ് ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് G.O(Rt) No.2190/15/H&FWD തീയതി 14/07/2015 പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ സാധാരണക്കാരായ രോഗികൾക്ക് (ആദായ നികുതിദായകരൊഴികെ എല്ലാവർക്കും) ആശുപത്രി ഫാർമസികൾ വഴി സൗജന്യമായും, കാരുണ്യ, കമ്മ്യൂണിറ്റി ഫാർമസികൾ വഴി കുറഞ്ഞ നിരക്കിലും ഗുണനിലവാരമുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ വഴി ലഭ്യമാക്കുന്നുണ്ട്. |
| സി) ഇതുപ്രകാരം മരുന്നുകൾക്ക് എത്ര ശതമാനം വരെ വില കുറച്ച് നൽകാൻ കഴിയും എന്ന് അറിയിക്കാമോ; | സി) | ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളിൽ ആകെയുള്ള 361 ഇനം മരുന്നുകളിൽ 143 എണ്ണവും നിലവിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 2015-16 വർഷത്തെ സൗജന്യ വിതരണത്തിനുള്ള അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് മാത്രമല്ല, ഇവയിൽ 131 ഇനം മരുന്നുകളുടെ വില ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളേക്കാൾ കുറവാണ്.. ഇതുകൂടാതെ, വ്യത്യസ്ത വീര്യത്തിലും, |

| | | |
|---|---|---|
| | | സ്പെസിഫിക്കേഷനിലുമായി 73 എണ്ണം മരുന്നുകളും മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 2015-16 വർഷത്തെ സൗജന്യ വിതരണത്തിനുള്ള അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. അതായത്, ആകെ 216 ഇനം മരുന്നുകൾ ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളായി നിലവിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഇത് ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ആകെ 60% വരും. |
| ഡി) പ്രസ്തുത പദ്ധതി ജില്ലാ താലൂക്ക് ആശുപത്രികളിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | ഡി) | കേന്ദ്ര സർക്കാർ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നവർ അപേക്ഷിച്ചാൽ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്ഥാപനത്തിന്റെ ആവശ്യാനുസരണം ജൻ ഔഷധ സെന്ററുകൾ തുടങ്ങുവാൻ നിയമവിധേയമായി അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ